വളം സബ്സിഡി നൽകുന്നതിനുംകൂടി 35 ലക്ഷം രൂപ പല ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ 5,52,000 രൂപ തൃശ്ശൂർ ജില്ലയിലെ കർഷകർക്ക് നൽകുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുന്നു. കൊടുക്കുവാനുള്ള കുടിശ്ശികയുംകൂടി കൊടുക്കുന്നതിനുള്ള നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : നബാർഡിന്റെ സഹായം തുടർന്ന് ലഭിക്കണമെങ്കിൽ അപ്പോഴും ഏക്കറൊന്നിന് അയ്യായിരം രൂപയ്ക്കു മുകളിൽ വരുന്ന എസ്റ്റിമേറ്റ് സംഖ്യ സ്റ്റേറ്റ് ഗവൺമെന്റ് വഹിക്കണമെന്ന നിബന്ധന മുന്നോട്ടു വച്ചിരിക്കയാണ്. ആ നിബന്ധന അംഗീകരിക്കാതെ നബാർഡിന്റെ സഹായം കിട്ടുകയില്ല. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ് ? കുട്ടനാട്, അതംഗീകരിച്ച അടിസ്ഥാനത്തിലാണ് രണ്ടാമത് കൊടുത്തയ്. അത് അംഗീകരിക്കുവാൻ ഗവൺമെന്റ് തയ്യാറുണ്ടോ ? ഇല്ലെങ്കിൽ ഈ പദ്ധതി എങ്ങനെ നടപ്പാക്കും എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഗവൺമെന്റ് ആറുകോടി രൂപ കൊടുക്കാനുണ്ട്. അതിനെക്കുറിച്ച് നടപടി എടുത്തുകൊണ്ടിരിക്കുന്നു.

(2) കൊയിലാണ്ടി താലൂക്ക് ആയുർവ്വേദാശുപത്രിക്ക് കെട്ടിടം പണിയണമെന്ന ആവശ്യം

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, എന്റെ നിയോജകമണ്ഡലത്തിലെ പയ്യോളി പഞ്ചായത്തിൽ തച്ചുകുന്ന് എന്ന പ്രദേശത്തെ കൊയിലാണ്ടി താലൂക്ക് ആയുർവ്വേദ ആശുപത്രിയുടെ ദുഃഖകരമായ അവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ പ്രമേയം മുഖേന ആഗ്രഹിക്കുന്നത്. 1959 ജൂൺ മാസത്തിലാണ് ഈ ആയുർവ്വേദ ആശുപത്രി അവിടെ സ്ഥാപിക്കുന്നത്. ഇത്രയും കൊല്ലമായിട്ടും സ്വന്തമായി ഒരു കെട്ടിടം ഇല്ലാതെ രണ്ടു മൂന്നു പ്രാവശ്യമായി മാറിമാറി വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്. ഇപ്പോഴും പ്രവർത്തിച്ചുവരുന്ന വാടകക്കെട്ടിടം ഒഴിഞ്ഞു കൊടുക്കണമെന്നു പറഞ്ഞ് അതിന്റെ ഉടമ നോട്ടീസു കൊടുത്തിരിക്കുകയാണ്. ഇതിനുമുമ്പ് ആ പ്രദേശത്തുണ്ടായിരുന്ന ഒരു കോടതിയും പോസ്റ്റാഫീസും മറെറാരു സ്ഥാപനവുമെല്ലാം മറ്റു സ്ഥലങ്ങളിലേക്ക് മാറിക്കൊണ്ടുപോയ അവസ്ഥ പരിഗണിച്ചുകൊണ്ട് നാട്ടുകാർ ഈ കാര്യത്തിൽ വളരെ ഉൽക്കണ്ഠാകുലരാണ്. പത്ത് ബെഡ് സ്ട്രെങ്ത് (Bed Strength) മാത്രമേ ഉള്ളുവെങ്കിലും ഡോക്ടർമാരടക്കം എട്ടോളം ജീവനക്കാരുള്ള ആ ആയുർവ്വേദ ആശുപത്രിയിൽ ഇന്ന് ഏകദേശം പതിനഞ്ചോളം രോഗികളെ കിടത്തി ചികിൽസിക്കുന്നു. ഏറെവും കൂടിയത് നൂറിയൻപതോളം ഔട്ട് പേഷ്യൻറ്സ് അവിടെ വന്നുപോയിക്കൊണ്ടിരിക്കുകയാണ്. കൊയിലാണ്ടി താലൂക്കിലെ, പേരാമ്പ്ര, ബാലുശ്ശേരി, മേപ്പയൂരിന്റെ ഒരു ഭാഗം, വടകര താലൂക്കിലെയും കീഴരിയൂർ തുടങ്ങിയ വളരെ പിന്നോക്കം കിടക്കുന്ന പ്രദേശങ്ങളിലുമുള്ള ധാരാളം രോഗികളും വന്നുപോയിക്കൊണ്ടിരിക്കുന്ന ആശുപത്രിയാണ് അത്. പലവട്ടം ഇവിടെ മാറിമാറി വന്ന പല ഗവൺമെന്റുകളുടെയും കാലത്ത് നിരവധി നിവേദനങ്ങൾ നടത്തിയിട്ടുപോലും കെട്ടിടം പണിയാൻ അനുകൂലമായ തീരുമാനം ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ച് ഞാൻ ഉൾപ്പെടെയുള്ള നാട്ടുകാരുടെ കമ്മിറ്റി ഉണ്ടാക്കുകയും ഏകദേശം 47.5 സെന്റ് സ്ഥലം വിലയ്ക്കെടുത്ത് അത് ഗവൺമെന്റിനെ ഏല്പിച്ചുകൊടുത്തിരിക്കുകയുമാണ്. മാത്രമല്ല അവിടെ ഒരു നല്ല വിശാലമായ റോഡും ഇലക്ട്രിസിറ്റി സൗകര്യങ്ങളും ശുദ്ധജലം കിട്ടാനുള്ള ഏർപ്പാടുകളും ചെയ്തു കഴിഞ്ഞു. ആ സാഹചര്യത്തിൽ വീണ്ടും നിവേദനം കൊടുത്തിട്ടുപോലും ഒരു മറുപടി കിട്ടാത്തതിന്റെ അടിസ്ഥാനത്തിൽ നാട്ടുകാർ ഒരു ദിവസം ഹർത്താലാചരിക്കുകയും ധർണ്ണ നടത്തുകയും ചെയ്തുകൊണ്ട് പൊതുജന ശ്രദ്ധ ആ കാര്യത്തിലേക്ക് തിരിച്ചു വിടുകയുണ്ടായി. എന്നെ സംബന്ധിച്ചിടത്തോളം ഒരു എം.എൽ.എ. എന്നുള്ളതിനേക്കാൾ ഉപരി എന്റെ വീടിന്റെ അടുത്തുള്ള ഏകദേശം വിളിപ്പാടകലെയുള്ള ഈ പ്രദേശത്ത് ഇത്രയും കൊല്ലമായിട്ടുപോലും ഈ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടായില്ലെന്ന ദുഃഖകരമായ അവസ്ഥയിൽ എനിക്ക് ആ പ്രദേശത്ത് പോകാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോടും എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളോടും ദയ കാണിക്കണം. ഏകദേശം എസ്റ്റിമേറ് സംഖ്യയായ 8,66,000 രൂപ ഒരു ന്യൂ സർവ്വീസ് സ്കീം എന്ന നിലയിൽ ഉൾപ്പെടുത്തുവാൻ ഒരു എസ്റ്റിമേറ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായി വേണ്ടെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. ഒരു ലക്ഷം രൂപയെങ്കിലും ഈ കൊല്ലം ന്യൂ സർവ്വീസ് സ്കീമിനായി അംഗീകരിച്ചുകൊണ്ട് അതിനു തറക്കല്ലിട്ട് പ്രവർത്തനം തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുയകാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പയ്യോളി ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ സ്ഥിതി അക്ഷരം പ്രതി ശരിയാണ്. നോട്ടീസ് കിട്ടുക മാത്രമല്ല, സ്ഥലം ഒഴിഞ്ഞുകൊടുക്കണമെന്നു പറഞ്ഞുള്ള നടപടികളും അവിടെ ആരംഭിച്ചിട്ടുണ്ട്. എന്തായാലും ഈ കാര്യത്തിൽ ഇക്കൊല്ലത്തെ ബഡ്ജറിൽ പണം കൊള്ളിച്ചിട്ടുണ്ടായിരുന്നില്ല. എങ്കിലും ഗവൺമെന്റ് നിർദ്ദേശം കൊടുത്തതനുസരിച്ച് അതിന് എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ 8.65 ലക്ഷം രൂപയാണ് അതിന് ചെലവുവരുന്നത്. നാട്ടുകാർ ഈ കാര്യത്തിൽ വളരെ നല്ല സമീപനം സ്വീകരിച്ചിട്ടുണ്ട്. 47.5 സെന്റ് സ്ഥലവും ആ സ്ഥലത്തു പോകാനുള്ള റോഡും അവർ വെട്ടി സർക്കാരിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ശരി ബഡ്ജറിൽ പണമില്ലാത്തതുകൊണ്ട് വർക്ക് ഏറെറടുക്കാൻ സാധിച്ചിട്ടില്ല. ഇതിന്റെ അത്യാവശ്യം മനസ്സിലാക്കി ഇക്കൊല്ലം തന്നെ അത് പ്രത്യേകമായെടുത്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കാം. പണി തുടങ്ങുകയാണെങ്കിൽ വേഗത്തിൽ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാം. അതല്ലാതെ നാമമാത്രമായി കല്ലിടുന്ന ഏർപ്പാട് ഈ ഗവൺമെന്റിനു ഇല്ലാത്തതുകൊണ്ട് തുടർന്ന് നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആ ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് എം. എൽ. എ. മാർക്ക് പോകാൻ സാധിക്കാതെ വന്നാൽ മിക്ക എം.എൽ. എ. മാർക്കും അങ്ങോട്ടു പോകാൻ പ്രയാസമായിരിക്കും ഈ കാര്യത്തിൽ ഇക്കൊല്ലം തന്നെ ഗവൺമെന്റ് പണി ആരംഭിക്കുവാൻ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly